# അക്കാദമിക് മാസ്റ്റർ പ്ലാൻ

## മുകുളം - 2025-'26



അറിവില്ലെന്ന
അറിവുള്ളവനേ
അറിവിന്റെ വാതിലുകൾ
തുറക്കാൻ ശ്രമിക്കുകയുള്ളൂ.

സാന്റാക്രൂസ് H.S

ഓച്ചന്തുരുത്ത്

# അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | - സാന്റാക്രൂസ് ഹൈസ്കൂൾ |
| മേൽവിലാസം | ഓച്ചന്തുരുത്ത് പി.ഒ<br>- പുതുവൈപ്പ്<br>പിൻ - 682508 |
| ഫോൺനമ്പർ | - 0484-2493714 |
| സ്കൂൾ കോഡ് | - 26027 |
| വിദ്യാഭ്യാസ ജില്ല | - എറണാകുളം |
| വിദ്യാഭ്യാസ ഉപജില്ല | - വൈപ്പിൻ |
| ബി. ആർ. സി | - വൈപ്പിൻ |
| ഗ്രാമപഞ്ചായത്ത് | - എളങ്കുന്നപ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് | - ഇടപ്പള്ളി |
| ജില്ലാപഞ്ചായത്ത് | - എറണാകുളം |
| നിയമസഭാമണ്ഡലം | - വൈപ്പിൻ |
| ലോകസഭാമണ്ഡലം | - എറണാകുളം |
| വില്ലേജ് | - പുതുവൈപ്പ് |
| മാനേജ്മെന്റ് | - കോർപ്പറേറ്റീവ് എഡ്യുക്കേഷണൽ ഏജൻസി. വരാപ്പുഴ അതിരൂപത |
| ജനറൽ മാനേജർ | - ഫാ. ജയൻ പയ്യപ്പിള്ളി |
| സ്കൂൾ മാനേജർ | - |
| ഹെഡ്മാസ്റ്റർ | - ശ്രീ. ഷാജി കെ.ഡി |
| സ്ഥാപിതവർഷം | - 1915 |

# ആമുഖം
# വിദ്യാലയ ചരിത്രം

നൂറ്റിപ്പത്ത് വർഷങ്ങൾക്ക് മുമ്പ് ഏതാനു
സുമനസ്സുകളുടെ ഈശ്വരനിയോഗം.... അനേകം
മഹത്‌വ്യക്തികളുടെ ദീർഘദൃഷ്ടിയുടെയും.... അനേ
വർഷത്തെ അശ്രാന്ത പരിശ്രമത്തിന്റെയും ഫലം..
അതാണ് ഓച്ചന്തുരുത്ത് സാന്താക്രൂസ് ഹൈസ്കൂൾ

യശഃശരീരനായ റവ. ഫാ. തോമസ് റോച്ചയുടെ
യും, കുറച്ചു നല്ല മനുഷ്യരുടെയും ശ്രമഫലമായി
1915-ൽ ഓച്ചന്തുരുത്ത് ക്രൂസ്മിലാഗ്രസ് പള്ളിയുടെ
കൺവെട്ടത്ത് ഇൻഫന്റ് ജീസസ് കോൺവെന്റിന്റെ
സമീപത്ത് സാന്താക്രൂസ് ആംഗ്ലോ വെർണാക്കുലർ
സ്കൂൾ എന്ന പേരിലാണ് സ്കൂൾ സ്ഥാപിത
മായത്. റവ. ഫാ തോമസ് മുളക്കൂർ മാനേജർ
ആയിരുന്നപ്പോഴാണ് സ്കൂൾ ഇന്ന് സ്ഥിതി
ചെയ്യുന്ന സ്ഥലത്ത് 'സാന്താക്രൂസ് ലോവർ സെക്ക
ന്ററി സ്കൂളായി പ്രവർത്തനമാരംഭിച്ചത്.

പനമ്പുകൊണ്ടുണ്ടാക്കിയ ക്ലാസ്സ് മുറിക
ളിൽ ആരംഭിച്ച സ്കൂൾ വളരെയധികം പ്രതിസന്ധി
കൾ തരണം ചെയ്ത്, വിദ്യാഭ്യാസ വിചക്ഷണനായി
രുന്ന വെരി. റവ. മോൺ. ജോസഫ് കൊറയയുടെ
പ്രധാന അദ്ധ്യാപകന്റെ സ്ഥാനം വഹിച്ചിരുന്ന

ശ്രീ കെ. എ ജോസഫിന്റെയും ശ്രീ ആന്റണി പക്ക്യൻ, ശ്രീ മാനുവൽ, ശ്രീ ജോസഫ് എന്നിവരുടെയും ശ്രമ ഫലമായി 1946-ൽ 'സാന്റാക്രൂസ് ഹൈസ്കൂൾ' ആയി ഉയർന്നു. 1946-'47 വിദ്യാലയവർഷത്തിൽ എട്ടാം ക്ലാസ്സ്, 1947-'48 ൽ ഒമ്പതാം ക്ലാസ്സ്, 1948-'49 ൽ പത്താം ക്ലാസ്സ് എന്നീ ക്രമത്തിൽ പൂർത്തിയാക്കുകയും, 1948-1974 കാലയളവിൽ ഹെഡ്മാസ്റ്ററായിരുന്ന റവ. ഫാ. ജോസഫ് തളിയ നേതൃത്തിന്റെ ശ്രമഫലമായി 1949-ലെ ആദ്യ എസ്. എസ്. എൽ. സി ബാച്ച് വിജയശ്രീലാളിതരായി.

1959-ൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുമിച്ചു പഠിക്കുവാനുള്ള [കോ-എഡ്യുക്കേഷൻ] അനുവാദം ലഭിച്ചു. 1976-'79 വരെ ഹെഡ്മാസ്റ്റർ ആയിരുന്ന റവ. ഫാ. പി. എം. മാത്തച്ചന്റെ കാലത്ത് ആണ് വരാപ്പുഴ അതിരൂപതയുടെ കോർപ്പറേറ്റ് എഡ്യുക്കേഷനൽ ഏജൻസിയുടെ സംരക്ഷണയിലായത്. 2002-ൽ സാന്റാക്രൂസ് ഹയർ സെക്കന്ററി സ്കൂളായി ഉയർന്നു. 2006-ൽ യു. പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും ആരംഭിച്ചു.

# പ്രധാന അദ്ധ്യാപകർ

1948 - 1974 - റവ. ഫാ. ജോസഫ് തളിയനേഴത്ത്
1975 - 1979 - റവ. ഫാ. പി. എം. മാത്തച്ചൻ
1979 - 1988 - ശ്രീ. എൽ. എം. അലോഷ്യസ് ജോസഫ്

1988 - 1990 - ശ്രീ. ടി. വി ആന്റണി

1990 - 1994 - ശ്രീ. കെ. കെ തോമസ്
1994 - 1998 - ശ്രീ. കെ. ജെ ജോസഫ്

1998 - 2000 - ശ്രീ. സിറിൾ സി. പത്രാല

2000 - 2005 - ശ്രീമതി. കെ. ആർ എലിസബത്ത്

2005 - 2007 - ശ്രീമതി പി. ജെ മേരി

2007 - 2008 - ശ്രീമതി. സെറിൻ ബീന വില്ല്യംസ്

2008 - 2013 - ശ്രീമതി. കുഞ്ഞമ്മ ചെറിയാൻ

2013 - 2015 - ശ്രീമതി ഷീബ കെ. എം

2015 - 2019 - ശ്രീമതി എലിസബത്ത് ഉഷ കെ. എം

2019 - 2021 - ശ്രീമതി. ജെർട്രൂഡ് എം. എസ്

2021 - 2023 - ശ്രീമതി മേരി കെ. എം

2023 - - ശ്രീ. ഷാജി കെ. ഡി

# 2025-26 അധ്യയനവർഷം

1. ഹെഡ്മാസ്റ്റർ – ഷാജി കെ.ഡി
2. മലയാളം – ബെസ്സി ആന്റണി വി; വിൻസി ജോർജ്ജ്
3. സംസ്കൃതം – ആനി കെ.സി
4. ഇംഗ്ലീഷ് – ജെസ്‌ലി ജെ. കളത്തിൽ
5. ഹിന്ദി – ടിഷി ജോർജ്ജ്
6. സോഷ്യൽസയൻസ് – ഷേർളി കെ.എം
7. ഊർജ്ജതന്ത്രം –
8. രസതന്ത്രം – ജീന ജോസഫ്
9. ജീവശാസ്ത്രം – ധന്യമേരി പി.ജെ
10. ഗണിതം – ജിൽന അഗസ്റ്റിൻ പള്ളൻ, നിലീന ജോസഫ്
11. ഹിന്ദി (UP) – ആൻഫി ഡാനിയേൽ
12. യു.പി – മിമിൽ വർഗ്ഗീസ്
13. യു.പി – സിബില
14. യു.പി – സൗമ്യ മുരുകൻ
15. കായികം –
16. മ്യൂസിക് – അനുരാജ്
17. ക്ലാർക്ക് – ജോബി
18. എച്ച്.ടി.എം – മേരി മെറ്റിൽഡ
19. എച്ച്.ടി.എം – ടെസ്സി
20. മീനിയൽ – ബിബിത കെ.എസ്

# പി ടി എ കമ്മിറ്റി

# സ്കൂൾതല കമ്മിറ്റികൾ

1. അധ്യാപക രക്ഷാകർതൃസമിതി (PTA)
2. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC)
3. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG)
4. മാതൃസംഘടന (MPTA)
5. ക്ലാസ് PTA (CPTA)
6. ഉച്ചഭക്ഷണ കമ്മിറ്റി (Noon Meal Committee)
7. വിദ്യാലയ ജാഗ്രതാസമിതി
8. വിവിധ സബ്ജക്ട് കൗൺസിൽ
9. വിവിധ ക്ലബുകൾ
10. പൂർവ്വ വിദ്യാർത്ഥി സംഘടന (OSA)
11. വിദ്യാലയ വികസന സമിതി
12. ഐ. ടി അഡ്വൈസറി കമ്മിറ്റി
13. സ്പെഷ്യൽ ഫീസ് കമ്മിറ്റി
14. പരീക്ഷാ കമ്മിറ്റി
15. ലഹരി വിരുദ്ധ ക്ലബ്
16. സ്റ്റാഫ് കൗൺസിൽ
17. അച്ചടക്ക കമ്മിറ്റി
18. സ്കൂൾതല ശുചിത്വ സമിതി

# പഠനനിലവാരം

തീരദേശമേഖലയായ വൈപ്പിൻകരയിലെ മത്സ്യബന്ധനത്തൊഴിലാളികളുടെ മക്കളാണ് ഓച്ചന്തുരുത്ത് സാന്താക്രൂസ് വിദ്യാലയത്തിൽ പഠിക്കുന്ന ബഹുഭൂരിഭാഗം വിദ്യാർത്ഥികളും. ഏതു സാഹചര്യത്തെയും അതിജീവിച്ച് പഠന- പാഠ്യേതര പ്രവർത്തനങ്ങളിൽ മുൻനിരയിലാണ് സാന്താക്രൂസ്. വിദ്യാർത്ഥിസമൂഹം. പഠനപുരോഗതി വിലയിരുത്തുന്നതിനായി എല്ലാമാസവും യൂണിറ്റ് മൂല്യനിർണ്ണയം നടത്തുന്നതോടൊപ്പം ക്ലാസ് പി.ടി.എയും നടത്തപ്പെടുന്നു. ഈ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുകയും അധ്യാപക - രക്ഷാകർത്തൃബന്ധം സുദൃഢമാകുന്നതോടൊപ്പം ഓരോ വിദ്യാർത്ഥിയുടെയും അറിവിന്റെ മേഖലകൾ നിരന്തരമൂല്യനിർണ്ണയത്തിന് വിധേയമാകുന്നു. പഠനനിലവാരത്തിൽ മുന്നിൽ നിൽക്കുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'സ്റ്റാർ ഓഫ് ദി മന്ത്'നെ ഓരോ ക്ലാസ്സിൽ നിന്നും കണ്ടെത്തുകയും പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. അക്ഷരമില്ലാത്ത കുട്ടികൾക്കായി അക്ഷരജ്ഞാനം ലഭിക്കാൻ കൂടുതൽ സമയം പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ അക്ഷരപ്രഭയും ഏകാഗ്രത വർദ്ധിപ്പിക്കാൻ പരിശീലനവും നൽകുന്നു. പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി വരുന്നു. പത്താം ക്ലാസ്സ് വിദ്യാർ

ഷികൾക്കായി രാവിലെയും വൈകിട്ടും സ്പെഷ്യൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനുമായി പത്രവാർത്തയുടെയും ദിനാചരണങ്ങളുടെയും അടിസ്ഥാനത്തിൽ പ്രശ്നോത്തരി നടത്തുന്നു. കുട്ടികളെ വിവിധ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം കുട്ടികളുടെ വിവിധ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

# സാമൂഹിക പങ്കാളിത്തം

എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രസികല പ്രിയരാജ്, വൈസ് പ്രസിഡന്റ് ശ്രീ. സിനോജ് കുമാർ, വാർഡ് മെമ്പർ ശ്രീ. സെബാസ്റ്റ്യൻ ഷിബു, പുതുവൈപ്പ് ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫിസർ, ഇൻസ്പെക്ടർ (NHM), ആശാവർക്കർ ഞാറക്കൽ പോലീസ്, പൂർവ്വാധ്യാപകർ, പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംക്ഷികൾ എന്നിങ്ങനെ വളരെയധികം സുമനസ്സുകളുടെ സഹായം സ്കൂളിന് ലഭിച്ചുകൊണ്ടിരിക്കുന്നു. ഓച്ചന്തുരുത്ത് കോ- ഓപ്പറേറ്റീവ് സൊസൈറ്റി നൽകുന്ന പഠനക്കിറ്റ് വിദ്യാർത്ഥികൾക്ക് വലിയൊരു സഹായം തന്നെയാണ്.

# എസ് . ആർ . ജി

ഹെഡ്മാസ്റ്റർ ശ്രീ. ഷാജി കെ. ഡി അദ്ധ്യക്ഷനും ശ്രീമതി. ബെസ്സി ആന്റണി വി. കൺവീനറും, എല്ലാ ജീവനക്കാരും അംഗങ്ങളായ എസ്. ആർ. ജി കൗൺസിലിന്റെ യോഗം എല്ലാ വെള്ളിയാഴ്ച്ചയും കൂടുന്നു.

# സബ്ജക്ട് കൗൺസിൽ

ഓരോ വിഷയത്തിന്റെയും വിഷയാടിസ്ഥാനത്തിലുള്ള തീരുമാനങ്ങളും രണ്ടാഴ്ച്ച കൂടുമ്പോൾ SRG യോഗത്തിൽ സമർപ്പിക്കുന്നു.

# ക്ലബ് പ്രവർത്തനങ്ങൾ

വിദ്യാരംഗം കലാസാഹിത്യവേദി, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം, സയൻസ്, ആരോഗ്യം പരിസ്ഥിതി, ലഹരി വിരുദ്ധം, എന്നിങ്ങനെ വിവിധ ക്ലബുകളും ശാസ്ത്രരംഗം, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജെ. ആർ. സി, ലിറ്റിൽ കൈറ്റ്സ്, SPC എന്നിവയുടെ ശാഖയും പ്രവർത്തനക്ഷമമാണ്. നന്മ എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ കുട്ടികളിൽ വളരെയധികം കഴിവുകൾ വളരാൻ സഹായിക്കുന്നു. നല്ലപാഠം പ്രവർത്തനങ്ങൾ കുട്ടികളുടെ സമഗ്രവികസനത്തിന് ഉതകുന്നവയാണ്.

# ലൈബ്രറി പ്രവർത്തനങ്ങൾ

വിദ്യാർത്ഥികൾക്കായി അറിവിന്റെ പുത്തൻ ജാലകം തുറന്നുകൊടുക്കുന്നു സാന്റാക്രൂസ് ലൈബ്രറി. വിദ്യാർത്ഥികളെ വായനയുടെ മായാലോകത്തേക്ക് മാടിവിളിക്കുന്ന ഒട്ടനവധി പുസ്തകങ്ങളാൽ സമ്പന്നമാണ് ഈ ഗ്രന്ഥശാല. വ്യത്യസ്തരായ സാഹിത്യകാരന്മാരുടെ ചിന്തകളുടെയും കാഴ്ചപ്പാടുകളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ അടങ്ങുന്ന പുസ്തകശേഖരം ഈ ലൈബ്രറിയുടെ സവിശേഷതയാണ്. ഓരോ പുസ്തകവും വിദ്യാർത്ഥികളെ വായനയുടെ വിശാലമായ ലോകത്തേക്ക് ആനയിക്കുന്നു.

രാവിലെ 8.30 മുതൽ 9.30 വരെയും ഇടവേളകളിലും കൂടാതെ ലൈബ്രറി പിരീഡുകളിലും കുട്ടികൾക്ക് ലൈബ്രറിയിൽ വന്ന് പുസ്തകങ്ങൾ വായിക്കാം. മാത്രമല്ല, ഓരോ ക്ലാസ്സിലുമുള്ള കുട്ടികളുടെ എണ്ണമനുസരിച്ച് പുസ്തകങ്ങൾ ക്ലാസ്സുകളിലേക്ക് നൽകുന്നു. ഇവ കൈമാറി വായിക്കുന്നതിന് സൗകര്യമൊരുക്കുകയും ചെയ്യുന്നു. വായിച്ച പുസ്തകങ്ങളുടെ ആസ്വാദനക്കുറിപ്പ് എഴുതിക്കുകയും മികച്ച ആസ്വാദനത്തിന് സമ്മാനം നൽകുകയും ചെയ്യുന്നു.

## സ്കൂൾ അസംബ്ലി

ആഴ്ച്ചയിൽ അഞ്ചുദിവസവും മലയാളം, ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളിലായി അസംബ്ലി നടത്തുന്നു. ഓരോ ദിവസവും ഓരോ ക്ലാസ്സിലെ വിദ്യാർത്ഥികളാണ് അസംബ്ലിക്ക് നേതൃത്വം നൽകുന്നത്. ഈശ്വരപ്രാർത്ഥന, പ്രതിജ്ഞ, ചിന്താവിഷയം, പത്രവാർത്ത ദിനാചരണങ്ങൾ എന്നിവയാണ് അസംബ്ലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്രവാർത്തയുടെയും ദിനാചരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രശ്നോത്തരി നടത്തുന്നു.

## ബോധവത്ക്കരണക്ലാസ്സുകൾ

നമ്മുടെ സമൂഹം പുരോഗതിയുടെ പാതയിലാണ്. ഈ പുരോഗതിയെ ഏറെക്കുറെ നിയന്ത്രിക്കുന്നതാകട്ടെ വിവരവിനിമയസാങ്കേതികവിദ്യയും. വിവരവിനിമയസാങ്കേതികവിദ്യയുടെ വളർച്ച എല്ലാ മേഖലയിലും സ്വാധീനം ചെലുത്തുന്നുണ്ട്. അത് വിദ്യാഭ്യാസ മേഖലയിലാണ് ഏറ്റവും കൂടുതൽ പ്രകടമാകുന്നത്. നവമാധ്യമങ്ങളുടെ സ്വാധീനവും പരസ്യ

ങ്ങളുടെ അതിപ്രസരവും മൊബൈൽഫോണിന്റെ അമിത ഉപയോഗവും വിദ്യാർത്ഥികളുടെ മനസ്സിനെ മാത്രമല്ല, അറിവിന്റെ തലത്തേയും ശീലങ്ങളേയും സ്വാധീനിച്ചിട്ടുണ്ട്. അങ്ങനെകാലം ദ്രുതഗതിയിൽ മുന്നോട്ട് പോകുമ്പോൾ പല കാര്യങ്ങളും അറിയാതെ പോകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലമാണിത്. വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ട ഈ കാലഘട്ടത്തിൽ പല കാര്യങ്ങളും അറിയാതെ പോകുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുന്നു. കൂടാതെ പ്രൈമറി ഹെൽത്ത് സെന്റർ, ജനമൈത്രി പോലീസ്, ലയൺസ് ക്ലബ്, കൃഷിഭവൻ എന്നിവയുടെ നേതൃത്വത്തിലും ബോധവത്ക്കരണക്ലാസ്സുകൾ നൽകുന്നു.

# അധ്യാപക ശാക്തീകരണ പരിപാടി

വിദ്യാർത്ഥി സമൂഹത്തെ ഉത്തമ പൗരന്മാരായി വളർത്തിയെടുക്കേണ്ടത് അധ്യാപകന്റെ ചുമതലയാണ്. സ്വന്തം ചുമതലകൾ അടുക്കും ചിട്ടയുമായി നിർവ്വഹിക്കണമെങ്കിൽ ഓരോ അധ്യാപകനും കാലത്തിനൊപ്പം സഞ്ചരിക്കുന്നവരായിരിക്കണം. സമൂഹത്തിലെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് വിദ്യാർത്ഥികളുടെ മനമറിഞ്ഞ് തന്റെ അറിവിനെ വികസിപ്പിച്ചെടുത്ത് വിദ്യാർത്ഥികളെ അവരുടെ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ വ്യത്യസ്ത മേഖലകളിലേയ്ക്ക് തിരിച്ചുവിടുന്ന പ്രാപ്തരാവാകണം അധ്യാപകൻ. എങ്കിൽ മാത്രമേ ഓരോ വിദ്യാർത്ഥിയും തന്റെ കുടുംബത്തിനും സ്വന്തം നാടിനും താൻ വസിക്കുന്ന സമൂഹത്തിനും സർവ്വോപരി തന്റെ രാജ്യത്തിനും ഗുണമുള്ള വ്യക്തികളായി വളരൂ. തന്റെ മുന്നിലിരിക്കുന്ന വിദ്യാർത്ഥി സമൂഹത്തിന് അധ്യാപകൻ പകർന്നു കൊടുക്കുന്ന

അറിവുകൾ തിരിച്ചറിവുകളാക്കി പ്രതിസന്ധികളെ തരണം ചെയ്ത് ജീവിതത്തെ മുന്നോട്ടു നയിക്കാൻ പ്രാപ്തമായ പ്രകാശം ചൊരിയണമെങ്കിൽ അധ്യാപകൻ കാലത്തിനൊപ്പം സഞ്ചരിച്ചേ മതിയാകൂ. വിദ്യാർത്ഥികളുടെ ഉള്ളിൽ ഉള്ള ശക്തികളെ മനസ്സിലാക്കി അവന്റെ പ്രാരാബ്ധങ്ങൾ അറിഞ്ഞ് വിദ്യാർത്ഥികൾക്ക് മാർഗ്ഗദർശനമേകാൻ അധ്യാപകന് സാധിക്കണം. ഇതിനായി പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ നടത്തപ്പെടുന്ന അധ്യാപക ശാക്തീകരണ പരിപാടികളിൽ എല്ലാ അധ്യാപകരും മുടക്കം വരുത്താതെ പങ്കെടുക്കുന്നു. കൂടാതെ സ്കൂൾ തലത്തിലും മാനേജ്മെന്റ് തലത്തിലും അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. മാത്രമല്ല, തന്റെ കഴിവുകൾ തിരിച്ചറിഞ്ഞ് സ്വയം മാറ്റത്തിന് വിധേയരാകാൻ ശ്രമിക്കുന്ന അധ്യാപകരാണ് സാന്റാക്രൂസിലുള്ളത്. അങ്ങനെ കാലത്തിനൊപ്പം സഞ്ചരിച്ച് തങ്ങളുടെ വിദ്യാർത്ഥികളെ സമൂഹത്തിൽ മുൻനിരയിലെത്തിക്കാൻ ഓരോ അധ്യാപകനും ശ്രമിക്കുന്നു.

# വിദ്യാലയമികവ്

## കാഴ്ചപ്പാട്

കുട്ടികളെ അജ്ഞാനമാകുന്ന അന്ധകാരത്തിൽ നിന്നും വിജ്ഞാനത്തിന്റെ പ്രകാശത്തിലേക്ക് നയിക്കാൻ സാധിക്കണം. അതുവഴി ഉത്തമ പൗരന്മാരായി വളരണം.

* വിദ്യാലയപ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ എവരും ഊർജ്ജസ്വലരായി പങ്കെടുക്കുന്ന ഒരു വിദ്യാലയാന്തരീക്ഷം സംജാതമാകണം. അതിലൂടെ സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കണം.

* കാരുണ്യപ്രവർത്തികൾ, ശുചിത്വബോധം എന്നിവയിലൂടെ ഉത്തരവാദിത്തബോധമുള്ളവരായി വിദ്യാർത്ഥികൾ മാറണം.

* CWSN കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകണം.

* നാം വസിക്കുന്ന ഭൂമി നമ്മുടെതാണെന്ന് തിരിച്ചറിഞ്ഞ് പ്രകൃതിയെ സ്നേഹിക്കാനും അതിനെ സംരക്ഷിക്കാനും വിദ്യാർത്ഥികൾ തയ്യാറാകണം.

* സ്വന്തം പരിമിതികളും കഴിവുകളും തിരിച്ചറിഞ്ഞ് മൂല്യബോധവും കലാബോധവും ഉള്ള ഉത്തമ പൗരന്മാരായി വിദ്യാർത്ഥികൾ മാറണം.

# പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

• എസ്. ആർ. ജി യോഗത്തിൽ 'അക്കാദമിക് മാസ്റ്റർ പ്ലാൻ' തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു.

• വാർഷിക കലണ്ടർ തയ്യാറാക്കാൻ തീരുമാനിച്ചു.

• വിദ്യാഭ്യാസ നിലവാരമുയർത്താൻ പര്യാപ്തമായ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചു.

• പത്താം ക്ലാസുകാർക്കുവേണ്ടി നടത്തി വരുന്ന സ്പെഷ്യൽ കോച്ചിംഗ് ഊർജ്ജിതമാക്കി A+ ന്റെ എണ്ണം വർദ്ധിപ്പിക്കാനും 100% വിജയം ഉറപ്പുവരുത്താനും തീരുമാനിച്ചു.

• സമഗ്രവിദ്യാഭ്യാസ ഗുണമേന്മ പദ്ധതിയോടു ചേർന്ന് നിന്നുകൊണ്ട് വിദ്യാർത്ഥികൾക്കായി പല പദ്ധതികളും ആസൂത്രണം ചെയ്യണം എന്ന കാര്യം ചർച്ച ചെയ്തു.

• SPC പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും JRC, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയവയിൽ കൂടുതൽ വിദ്യാർത്ഥികളെ ഉൾക്കൊള്ളിക്കാനും തീരുമാനിച്ചു.

* പ്രവർത്തനങ്ങൾ - വിഷയാടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
* കരട് രൂപരേഖ എസ്. ആർ. ജി പി.ടി.എ ജനപ്രതിനിധികൾ തുടങ്ങിയവർ ഉൾക്കൊള്ളുന്ന യോഗത്തിൽ അവതരിപ്പിക്കൽ.
* ലഭിക്കുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
* ക്രോഡീകൃത പദ്ധതി രൂപരേഖ തയ്യാറാക്കൽ

# അക്കാദമിക നേട്ടങ്ങൾ

* വിവിധ ക്വിസ് മത്സരങ്ങൾ, കലാകായിക മത്സരങ്ങൾ, ശാസ്ത്ര- സാമൂഹ്യശാസ്ത്ര- ഗണിതശാസ്ത്ര പ്രവൃത്തി പരിചയ - ഐ.ടി മേളകളിൽ പങ്കെടുത്ത് മികച്ച വിജയങ്ങൾ കരസ്ഥമാക്കുന്നു.
* നല്ല പാഠം പ്രവർത്തനങ്ങൾ
* ഉന്നത നിലവാരം പുലർത്തുന്ന JRC യൂണിറ്റിന്റെ പ്രവർത്തനം.
* നന്മ ക്ലബിലെ പ്രവർത്തനങ്ങൾ
* ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ മികച്ച സേവനം
* എസ്. എസ്. എൽ. സി പരീക്ഷയിൽ 97.26% വിജയം

  7 വിദ്യാർത്ഥികൾക്ക് Full A+

  3 വിദ്യാർത്ഥികൾക്ക് 8 A+

## അക്കാദമിക പരിമിതികൾ

* മത്സര പരീക്ഷകളിലും സ്കോളർഷിപ്പ് പരീക്ഷകളിലും വിദ്യാർത്ഥികളുടെ കുറഞ്ഞ പങ്കാളിത്തം

* ക്ലാസ് ലൈബ്രറികൾ വേണ്ടവിധം ക്രമീകരിക്കാൻ സാധിച്ചില്ല.
* കലോത്സവ - കായികോത്സവ വേദികളിൽ വിദ്യാർത്ഥികളുടെ കുറഞ്ഞ പങ്കാളിത്തം.
* എസ്. എസ്. എൽ. സി പരീക്ഷയിൽ 100% വിജയം ഉറപ്പാക്കൽ
* എസ്. എസ്. എൽ. സി പരീക്ഷയിൽ Full A+ ലഭിക്കേണ്ട വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കൽ
* സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി സഹകരിച്ച് അക്കാദമിക നിലവാരം ഉയർത്തൽ.

# വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

ഭൗതികം - നേട്ടങ്ങൾ

* പൂർവ്വ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഹകരണത്തോടെ Turf നിർമ്മാണം.
* പെട്രോനെറ്റ് എൽ. എൻ. ജി ലിമിറ്റഡ് ശുചിമുറി നവീകരണം. Wash Basin സ്ഥാപിച്ചു.
* ഡി. പി വേൾഡിന്റെ കമ്പ്യൂട്ടർ പരിശീലനം, സാമ്പത്തിക സഹായം
* അഭ്യുദയകാംക്ഷികൾ, അധ്യാപകർ നവീകരണ വികസന പദ്ധതികൾ

ഭൗതികം - പരിമിതികൾ

* യു. പി വിഭാഗം ക്ലാസ് മുറികൾക്ക് അടച്ചുറപ്പില്ല.
* ആധുനിക രീതിയിലുള്ള വേസ്റ്റ് മാനേജ്മെന്റ് സൗകര്യങ്ങൾ പ്രാവർത്തികമാക്കാൻ സാധിച്ചില്ല.

# പഠനയാത്ര, വിനോദയാത്ര

പഠനത്തോടൊപ്പം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മാനസിക ഉല്ലാസവും. ഇഷ്ടപ്പെട്ട് പഠിക്കണം. എന്നാൽ മാത്രമേ പഠനം രസകരവും സുഗമവുമാകൂ. വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികളുടെ മാനസികോല്ലാസത്തിനും വലിയ പ്രാധാന്യമുണ്ട്. വിദ്യാർത്ഥികളുടെ മനസിന്റെ സന്തോഷം ലക്ഷ്യംവച്ചുകൊണ്ട് പഠന- വിനോദയാത്രകൾ നടത്താറുണ്ട്. വിജ്ഞാനത്തോടൊപ്പം വിനോദവും ഇത്തരം യാത്രകളിൽ നിന്ന് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. പത്താം ക്ലാസ്സുകാർക്കായി പ്രത്യേകം വിനോദയാത്ര സംഘടിപ്പിക്കുന്നു. 5 മുതൽ 9 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി പഠന- വിനോദയാത്രയും നടത്തി വരുന്നു. പുതുവൈപ്പ് ലൈറ്റ് ഹൗസിലേക്ക് എല്ലാവർഷവും ഒരു പഠനയാത്ര സംഘടിപ്പിക്കാറുണ്ട്. JRC, നല്ല പാഠം തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഓൾഡ് ഏജ് ഹോം സന്ദർശനവും പ്രത്യേകം പരാമർശവിധേയമാകേണ്ടതാണ്. ഇത്തരം യാത്രകൾ കുട്ടികൾക്ക് വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും സ്വാനുഭവത്തിന്റെയും പുതിയൊരു പന്ഥാവ് തന്നെ തുറക്കുന്നവയാണ്.

# സ്കൂൾ പാർലമെന്റ്

ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന ഭരണസംവിധാനമാണ് നമ്മുടെ രാജ്യത്തിന്റേത്. വളരെ ചെറുപ്പത്തിലെ തന്നെ ജനാധിപത്യരീതികൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക, പരിശീലിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തിവരുന്നു. ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. നാമനിർദ്ദേശപത്രികനൽകൽ, പിൻവലിക്കൽ, പ്രചരണം, നിശ്ശബ്ദ പ്രചരണം, തിരഞ്ഞെടുപ്പ് എന്നിങ്ങനെ ഒരു സാധാരണ തിരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. സ്കൂൾ പാർലമെന്റ് ഇലക്ഷനിലെ ഏറ്റവും ശ്രദ്ധേയമായ ഘടകം മീറ്റ് ദ ക്യാന്റിഡേറ്റ് പ്രോഗ്രാമാണ്. ഇത് വളരെ ആകർഷണീയവും വിദ്യാർത്ഥികളിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നതും ആണ്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| 1. ഗണിത-ശാസ്ത്ര പരിപോഷണം [ലാബ് ക്രമീകരണം] | 1. കളിസ്ഥലം | 1. പി.ടി.എ പങ്കാളിത്തം |
| 2. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, ഭാഷാശേഷി വികസനം [ഭാഷോത്സവം] | 2. പൂന്തോട്ടം | 2. പൂർവ്വവിദ്യാർത്ഥി സംഗമം |
| 3. പഠനയാത്രകൾ, സെമിനാറുകൾ | 3. മാലിന്യസംസ്കരണം | 3. പൂർവ്വ അധ്യാപക സംഗമം |
| 4. IT പരിശീലനം | | 4. പൊതുലൈബ്രറി, സന്നദ്ധസംഘടനകൾ, വ്യവസായഗ്രൂപ്പുകൾ എന്നിവയുടെ സേവനം |
| 5. സ്കൂൾ പത്രം, മാസിക | | 5. രാഷ്ട്രീയ പ്രവർത്തകർ, സാംസ്കാരിക നായകന്മാരുടെ സേവനം കലാകാരന്മാരുടെ സാന്നിധ്യം |
| 6. ദിനാചരണം | | 6. കുട്ടികളുടെ ഭവന സന്ദർശനം |

# പ്രവർത്തന രൂപരേഖ

## മലയാളം

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| 1. | അക്ഷരം, ചിഹ്നനം, ഉച്ചാരണം - എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. | അക്ഷരജ്ഞാനമില്ലാത്ത വിദ്യാർത്ഥികൾ ഉണ്ടാകരുത്. | എല്ലാ ദിവസവും | മലയാളം അധ്യാപകർ |
| 2. | ശില്പശാല<br>കഥ, കവിത, ഉപന്യാസരചന - ശില്പശാലയിലൂടെ ലഭിക്കുന്ന രചനകൾ വായനയ്ക്കായി ഉപയോഗിക്കുന്നു. | സർഗ്ഗാത്മക രചനാശേഷി വർദ്ധിപ്പിക്കൽ, വായനാ സാമഗ്രി നിർമ്മാണം | മൂന്ന് മാസത്തിലൊരിക്കൽ | മലയാളം അധ്യാപകർ |
| 3. | കഥാപ്രസംഗം<br>അനുയോജ്യമായ പാഠഭാഗങ്ങൾക്ക് | വിവിധ വ്യവഹാരരൂപങ്ങൾ പരിചയപ്പെടുന്നു. | വർഷത്തിൽ രണ്ട് | മലയാളം അധ്യാപകർ |
| | നാടകാവിഷ്കാരം<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന കഥ, കവിത | വിവിധ വ്യവഹാരരൂപങ്ങളുടെ ആവിഷ്കരണം | വർഷത്തിൽ രണ്ട് | മലയാളം അധ്യാപകർ |
| | പാനൽ ചർച്ച, അഭിമുഖം, സെമിനാർ, സംവാദം | സർഗ്ഗശേഷി വികാസം | വർഷത്തിലൊന്ന് | മലയാളം അധ്യാപകർ |

# സംസ്കൃതം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1. സംസ്കൃത ഭാഷാ പഠനം, അക്ഷരങ്ങൾ പഠിക്കുക, ഉച്ചാരണം സ്ഫുടമാക്കാൻ വാർത്തകൾ കേൾക്കുക, അസംബ്ലിയിൽ അവതരിപ്പിക്കുക | സംസ്കൃത ഭാഷയെ അറിയുക | 6 മാസം | സംസ്കൃതം അധ്യാപിക |
| 2. സംസ്കൃതശ്ലോക പഠനം, ശ്ലോകങ്ങൾ കേൾക്കാനും ചെല്ലാനുമവസരങ്ങൾ, അക്ഷരശ്ലോകസദസ്സുകൾ | സംസ്കൃത ശ്ലോകത്തിൽ അറിവ് നേടുക | 6 മാസം | സംസ്കൃത അധ്യാപിക |
| 3. സർഗ്ഗസൃഷ്ടികഥാ രചന, കഥാവായന ഗദ്യപാരായണം, കവിതാപാരായണം, നാടകാഭിനയം | സർഗ്ഗശേഷിയുടെ പരിപോഷണം | ഒരു വർഷം | സംസ്കൃതം അധ്യാപിക |

# ഇംഗ്ലീഷ്

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| 1. | ലളിതപദപ്രയോഗങ്ങൾ ഉള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ പരിചയപ്പെടുത്തി വായനയ്ക്ക് അവസരമൊരുക്കുന്നു. | അധിക വായന വളർത്തൽ | ആഴ്ച്ചയിലൊരിക്കൽ | ഇംഗ്ലീഷ് ടീച്ചർ |
| 2. | ഇംഗ്ലീഷ് അസംബ്ലി വാർത്ത, സന്ദേശം, ദിനാചരണം | വായനാശീലം വളർത്തുക പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | ആഴ്ച്ചയിൽ രണ്ട് ദിനം | ഇംഗ്ലീഷ് അധ്യാപകർ |
| 3. | ഡയറി → ഓരോ ദിവസത്തെയും അനുഭവങ്ങൾ | രചനാശേഷി വികാസം പദപ്രയോഗ ചാതുര്യം | ദിവസേന | ഇംഗ്ലീഷ് അധ്യാപകർ |
| 4. | രചന<br>നിശ്ചിത വിഷയാടിസ്ഥാനത്തിൽ കഥ-കവിത രചന | ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കൽ | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |
| 5. | പരിഭാഷ<br>മലയാളം → ഇംഗ്ലീഷിലേയ്ക്ക് | വ്യാകരണം, വാക്യശുദ്ധി | മാസത്തിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |
| 6. | Communicative English class | ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം | ആഴ്ച്ചയിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |

## ഹിന്ദി

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| 1. | അക്ഷരകേളികൾ അക്ഷരം, ഉച്ചാരണം എന്നിവ വിവിധ കളികളിലൂടെ പഠിപ്പിക്കുന്നു. | ഹിന്ദി അക്ഷരങ്ങൾ സ്വായത്തമാക്കൽ | ദിവസേന | ഹിന്ദി അധ്യാപകർ |
| 2. | ഹിന്ദി ഗ്രന്ഥശാല കുട്ടികളിൽ വായനാശീലം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി ഹിന്ദി പുസ്തകങ്ങൾ ശേഖരിച്ച് ഗ്രന്ഥശാല നിർമ്മിക്കുക. | ഹിന്ദി സാഹിത്യത്തെ അടുത്തറിഞ്ഞ് ഭാഷയോടുള്ള ഇഷ്ടം വർദ്ധിപ്പിക്കുക | ആഴ്ചയിലൊന്ന്/ വർഷത്തിലൊന്ന് | ഹിന്ദി അധ്യാപിക |
| 3 | വായനാകാർഡ് ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാകാർഡുകൾ തയ്യാറാക്കുക. | വായനാശേഷിയുടെ വികാസം | മാസത്തിലൊന്ന് | ഹിന്ദി അധ്യാപിക |
| 4. | ഹിന്ദി സർഗ്ഗോത്സവം, കവിത, കഥാരചന സ്കിറ്റ്, എഡിറ്റിംഗ് അഭിനയം, മാസിക ഡോക്യുമെന്റേഷൻ | ഹിന്ദി സർഗ്ഗസൃഷ്ടി | വർഷം 2 വീതം | ഹിന്ദി അധ്യാപിക |

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| | ന്യൂസ് പേപ്പർ നിർമ്മാണം. | | | |
| 5. | അസംബ്ലി (HINDI) പ്രാർത്ഥന, പ്രതിജ്ഞ, വാർത്താവായന ജന്മദിനാശംസാ ഗീതം തുടങ്ങിയ വയെല്ലാം ഹിന്ദിയിൽ അവതരിപ്പിക്കൽ | ഭാഷാപ്രാവീണ്യം | ആഴ്ച്ചയിലൊന്ന് | ഹിന്ദി അധ്യാപിക |

# സാമൂഹ്യശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | ശാസ്ത്ര പഠനം | 1 വർഷം | അധ്യാപകർ, PTA |
| 2. പഠനയാത്രകൾ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സ്ഥലങ്ങൾ. | അനുഭവത്തിലൂടെയുള്ള പഠനം | വർഷത്തിലൊരിക്കൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3. മോക്ക് പാർലമെന്റ് പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി ക്യാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ, പോളിങ് ഓഫീസർമാർ എന്നിങ്ങനെ മാതൃകാ തിരഞ്ഞെടുപ്പ് ക്ലാസ് തലത്തിൽ ക്ലാസ് തല സഭാ സമ്മേളനം. | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക. | വർഷത്തിലൊരിക്കൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4. ബുള്ളറ്റിൻ ബോർഡ്, പത്രവാർത്തകൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ, ചിത്രങ്ങൾ | സാമൂഹ്യ ശാസ്ത്ര അറിവുകൾ നേടുക. | ദിവസേന | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 5. സാമൂഹ്യശാസ്ത്ര മേള, ചരിത്രവസ്തുക്കൾ, മോഡലുകൾ, ചാർട്ട് എന്നിവ ഉൾപ്പെടുത്തി സാമൂഹ്യശാസ്ത്ര മേള നടത്തുക. | സാമൂഹ്യ ശാസ്ത്ര അറിവുകൾ നേടുക | വർഷത്തിലൊരിക്കൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

# ഊർജ്ജതന്ത്രം, രസതന്ത്രം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1) ശബ്ദം ഉണ്ടാക്കുന്ന വിവിധതരം കളിപ്പാട്ടങ്ങൾ നിർമ്മിച്ച് ഒരു പ്രദർശനം സംഘടിപ്പിക്കുന്നു. കൂടാതെ ശബ്ദമലിനീകരണത്തിന്റെ ദോഷങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാൻ പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. | ശബ്ദമലിനീകരണം നിയന്ത്രിക്കൽ | വർഷത്തിലൊന്ന് | സയൻസ് അധ്യാപകർ |
| 2. സെമിനാർ അവതരണം<br>a) സീസ്മിക് തരംഗങ്ങളും സുനാമിയും<br>b) അൾട്രാസോണിക് ശബ്ദവും ഉപയോഗവും – നിത്യജീവിതത്തിൽ | നിത്യജീവിതത്തിൽ ഊർജ്ജതന്ത്രത്തിനുള്ള പ്രാധാന്യം തിരിച്ചറിയുന്നതിന് | വർഷത്തിൽ ഒന്ന് | സയൻസ് അധ്യാപകർ |
| 3. പോസ്റ്റർ<br>പ്ലാസ്റ്റിക് പൊല്യൂഷൻ ഭൂമിക്ക് ആപത്ത്. | പരിസ്ഥിതി ബോധം ജനിക്കുന്നതിന് | മാസത്തിലൊന്ന് | സയൻസ് അധ്യാപകർ |

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| 4 | നിത്യജീവിതത്തിൽ രസതന്ത്രം എത്രത്തോളം നാം പ്രയോജനപ്പെടുത്തുന്നുണ്ട് എന്ന് ബോധ്യമാക്കാനും ശാസ്ത്രപ്രവർത്തനങ്ങൾ മനസ്സിലാക്കാനും കുട്ടികളെ രസതന്ത്രത്തിന്റെ പ്രാധാന്യം വ്യക്തമാക്കാനും സാധിക്കുന്ന ഒരു ശാസ്ത്രപ്രവർത്തനമാണ് 'ഡിഷ്‌വാഷ് ലിക്വിഡ്' നിർമ്മാണം | ശാസ്ത്രബോധം നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതിന് | മാസത്തിലൊന്ന് | സയൻസ് അധ്യാപകർ |
| 5 | ശാസ്ത്ര പഠനയാത്ര<br>Field Trip | ശാസ്ത്രാഭിരുചി, ശാസ്ത്രകൗതുകം വളർത്തുക ശാസ്ത്രത്തെ കൂടുതൽ അടുത്തറിയുക | വർഷത്തിൽ ഒന്ന് | കെമിസ്ട്രി ടീച്ചർ |
| 6. | ശാസ്ത്രമേളകൾ, ക്ലബുകൾ, ചർച്ചാവേദികൾ, Skill Working Models | ശാസ്ത്രത്തെ വിവിധരൂപത്തിൽ അവതരിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ | സയൻസ് അധ്യാപകർ |

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| 7 | ലോകശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട് ഒരാഴ്ച്ച പ്രധാനപ്പെട്ട ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം അവതരിപ്പിക്കൽ, Quiz competition | ശാസ്ത്രബോധം വളർത്തൽ, ശാസ്ത്രജ്ഞന്മാരുടെ കണ്ടെത്തലുകളെക്കുറിച്ച് അവബോധം ജനിപ്പിക്കൽ | വർഷത്തിൽ ഒരിക്കൽ (വാരാചരണം) | കെമിസ്ട്രി ടീച്ചർ |

# ജീവശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1. ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ- ശാസ്ത്രമേളയുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്നു. | മോഡൽ നിർമ്മാണവൈദഗ്ധ്യം മെച്ചപ്പെടുന്നു. | 1 മാസം | സയൻസ് ടീച്ചർ |
| 2. ഭിന്നശേഷി വിദ്യാർത്ഥികളെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന | ഭിന്നശേഷി സൗഹൃദം | മാസത്തിലൊന്ന് | സയൻസ് ടീച്ചർ |
| 3. പ്രകൃതി സംരക്ഷണം<br>സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കിക്കൊണ്ട് പൂന്തോട്ടം, പച്ചക്കറിത്തോട്ടം - പുനർനിർമ്മാണം | പ്രകൃതി സ്നേഹം വളർത്തൽ | 3 മാസം | നേച്ചർ ക്ലബ് |

# ഗണിതശാസ്ത്രം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1. ശില്പശാല നടത്തുന്നു. ക്ലാസ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ പരിചയപ്പെടുത്തൽ | വർഷത്തിലൊരിക്കൽ | അധ്യാപകർ, ഗണിത ക്ലബ്, PTA |
| 2. Instrument boxന്റെ ലഭ്യത, ശില്പശാലകൾ | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | Term wise | അധ്യാപകർ |
| 3. ഗണിതലാബ്<br><br>ഗണിതവുമായി ബന്ധപ്പെട്ട വസ്തുക്കൾ ക്രമീകരിച്ച് ലാബിൽ വച്ച് ക്ലബ് നടത്തുക. | ഗണിത പഠനം സുഗമമാക്കുക | ആഴ്ച്ചയിലൊരിക്കൽ | ഗണിതാധ്യാപകർ |
| 4. ഒറിഗാമിശില്പശാല<br><br>വിവിധരൂപങ്ങൾ തയ്യാറാക്കൽ, ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം | രസകരമായ ഗണിതശാസ്ത്ര പഠനം, കരചലന ശേഷി വികസനം | വർഷത്തിൽ ഒരിക്കൽ | ഗണിതാധ്യാപകർ |

| | പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|---|
| 5 | ഗണിതപാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി പാർക്ക് സജ്ജമാക്കൽ | ഗണിതം മധുരതരമാക്കാൻ | വർഷത്തിലൊരിക്കൽ | ഗണിതാധ്യാപകർ |

# അക്കാദമികം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 1. തീവ്രപരിശീലന ക്ലാസ്സ് → 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് തീവ്രപരിശീലനക്ലാസുകൾ നടത്തുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകുന്നു. | എല്ലാ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെയും മുൻനിരയിലേക്ക് കൊണ്ടുവരിക | ഒരു വർഷം | അധ്യാപകർ പി.ടി.എ |
| 2. സ്വയം തൊഴിൽ പരിശീലനം<br>പഠനത്തോടൊപ്പം തൊഴിൽ പരിശീലനം | തൊഴിലിന്റെ മഹത്വം തിരിച്ചറിയുന്നു. | ആഴ്ച്ചയിലൊരിക്കൽ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| 3. ക്വിസ് മത്സരം<br>വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിന് പൊതുവിജ്ഞാനം ആവശ്യമാണ്. സ്കൂളിന്റെ പുരോഗതിയ്ക്ക് ക്ലാസ് തലം, സ്കൂൾ തലം, ഇന്റർ സ്കൂൾ തലത്തിൽ ക്വിസ് കോംപറ്റീഷനുകൾ നടക്കണം. കുട്ടികളെ വിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ എത്തിക്കാൻ ഇത്തരം പ്രവർത്തനങ്ങൾ പര്യാപ്തമാണ്. | *പൊതുവിജ്ഞാനം വളർത്തുക.<br>*എല്ലാവരേയും മുൻനിരയിലേയ്ക്ക് കൊണ്ടുവരുക.<br>*വിജ്ഞാനകുതുകികളാക്കുക<br>*അറിവിന്റെ വിവിധ മേഖലകളിലേയ്ക്ക് നയിക്കുക<br>*വായനയെ പ്രോത്സാഹിപ്പിക്കുക | class<br>ആഴ്ച്ചയിലൊന്ന്<br>സ്കൂൾ<br>3 മാസത്തിലൊന്ന്<br>Inter School<br>വർഷത്തിലൊന്ന് | അധ്യാപകർ<br>അധ്യാപകർ<br>അധ്യാപകർ, PTA |
| പത്രവായന<br>പത്രവായന വിദ്യാർത്ഥികളെ അറിവിന്റെ പുതിയ ലോകത്തേയ്ക്ക് കൈപിടിച്ച് ഉയർത്തുന്നു. | വായനാശീലം വളർത്തുക | ദിവസവും. | ക്ലാസ്സ് അധ്യാപകർ |

# ഭൗതികം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| സ്കൂൾ ഗ്രൗണ്ട്<br>വിദ്യാർത്ഥികൾക്ക് ഉത്സാഹത്തോടെ കളിക്കാൻ പറ്റുന്നത് | ആരോഗ്യം, ഒരുമ കായികവിദ്യാഭ്യാസ സൗകര്യം | 3 വർഷം | അധ്യാപകർ, PTA അനധ്യാപകർ |
| **പത്രം പ്രസിദ്ധീകരിക്കൽ**<br>ഓരോ മാസവും ഓരോ ക്ലാസിൽ നിന്നും വിദ്യാർത്ഥികളുടെ സ്വയംസൃഷ്ടി | സർഗാത്മകത വളർത്തൽ | മാസം തോറും | അധ്യാപകർ |
| **മാലിന്യസംസ്കരണം**<br>ജൈവ-അജൈവ മാലിന്യം സംസ്കരിക്കൽ | ശുചിത്വം, ആരോഗ്യം | 1 വർഷം | PTA ജീവനക്കാർ |
| **സൗരോർജ്ജപാനൽ**<br>വൈദ്യുതി ഉപയോഗം കുറയ്ക്കൽ | പാരമ്പര്യ-പ്രകൃതി വിഭവങ്ങളുടെ ഉപയോഗം | 3 വർഷം | PTA |
| **കുടിവെള്ളം**<br>ശുദ്ധജല സൗകര്യം | ആരോഗ്യം ശുചിത്വം | 1 വർഷം | PTA ജീവനക്കാർ |

# സാമൂഹികം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| * നിർമ്മാണപ്രക്രിയ<br>മാതാപിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് അവരെയും ഉൾപ്പെടുത്തി കരകൗശല വസ്തു നിർമ്മാണം. | വിദ്യാലയത്തിൽ സൗഹൃദാന്തരീക്ഷം വളർത്തൽ, സാമൂഹിക പങ്കാളിത്തം, വരുമാനം | വർഷത്തിൽ 4 തവണ | PTA അധ്യാപക-അനധ്യാപകർ |
| * സർഗ്ഗോത്സവം<br>PTA | PTA ശക്തമാക്കുന്നതിന് | വർഷത്തിലൊരിക്കൽ | PTA |
| മുതിർന്ന പൗരന്മാരെ ആദരിക്കൽ<br>വിദ്യാലയത്തിന് സമീപത്തുള്ള പ്രായമായവരെ ആദരിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നു. | മുതിർന്ന പൗരന്മാരുടെ പങ്കാളിത്തം. | വർഷത്തിലൊരിക്കൽ | PTA |
| പൊതിച്ചോറ് വിതരണം<br>അധ്യാപക വിദ്യാർത്ഥികൾ | ജീവകാരുണ്യം | എല്ലാമാസവും | അധ്യാപകർ, വിദ്യാർത്ഥികൾ |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
|---|---|---|---|
| **സ്കൂൾ കലണ്ടർ**<br>വിദ്യാലയ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിലേക്ക് എത്തിക്കുന്നു. | വിദ്യാലയത്തിന്റെ പുരോഗതി സമൂഹത്തിലേക്ക് പ്രചരിപ്പിക്കുന്നതിന് | വർഷത്തിലൊരിക്കൽ | അധ്യാപകർ, PTA |
| **ഭിന്നശേഷി സൗഹൃദം**<br>ഭിന്നശേഷി വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം. | സർഗശേഷി വികസനം | വർഷത്തിലൊന്ന് | അധ്യാപകർ |
| **എക്സിബിഷൻ**<br>വിദ്യാലയ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെ പ്രവർത്തന മികവുകൾ പൊതുസമൂഹത്തെ പരിചയപ്പെടുത്തുന്നു. | വിദ്യാലയ പുരോഗതിയുടെ പ്രദർശനം | വർഷത്തിലൊന്ന് | അധ്യാപകർ PTA |

# പൊതുലക്ഷ്യങ്ങൾ

*വിദ്യാലയത്തിലേക്ക് പഠനത്തിനായി വന്നെത്തുന്ന വിദ്യാർത്ഥികൾ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട പഠനമികവുകൾ നേടി എന്ന് ഉറപ്പ് വരുത്തുക.

*മൂല്യബോധമുള്ള തലമുറയെ വളർത്തുക.

*മതനിരപേക്ഷ ജനാധിപത്യസംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക.

* ഒട്ടനവധി പ്രതിസന്ധികൾ നേരിടുന്ന ലോകത്തിൽ അതിജീവനത്തിനാവശ്യമായ ആത്മവിശ്വാസവും അറിവും കഴിവും നേടുക.

* മാനസിക - വൈകാരിക - ശാരീരികാരോഗ്യം വർദ്ധിപ്പിക്കുക

* ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ ഉപയോഗം വിനിമയം ചെയ്യുക.

* മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി നേടുക.

* പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് അത് നൽകുക.

# പ്രതീക്ഷിത നേട്ടങ്ങൾ

* പഠനനിലവാരം ഉയർത്തുക.
* വിദ്യാർത്ഥികൾക്ക് സന്തോഷം നൽകുന്ന അന്തരീക്ഷം സൃഷ്ടിക്കുക.
* SSLC പരീക്ഷയിൽ 100% വിജയം ഉറപ്പിക്കുക.
* A+ ന്റെ എണ്ണം കൂട്ടുക.
* വിദ്യാലയപ്രവേശന നിരക്ക് വർദ്ധിപ്പിക്കുക.
* സ്കൂളും സമൂഹവും തമ്മിലുള്ള അകലം കുറച്ച് സൗഹൃദാന്തരീക്ഷം സൃഷ്ടിച്ച് നല്ലൊരു ബന്ധം സ്ഥാപിക്കുക.
* മതനിരപേക്ഷസമൂഹം നിലനിർത്തുക.
* പഠന - പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതൽ കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക.
* ഭിന്നശേഷി വിദ്യാർത്ഥികളെ പ്രത്യേക പരിഗണന നൽകി പ്രോത്സാഹിപ്പിക്കുക.

# ഉപസംഹാരം

വിദ്യാഭ്യാസം എന്നാൽ വളരെ ഏകാഗ്രതയോടെ ചെയ്യേണ്ട ഒരു തപസ്സാണ്. വിദ്യാഭ്യാസത്തിലൂടെ ഒരു മനുഷ്യന് ലഭിക്കേണ്ടത് അവന്റെ സമഗ്ര വികസനമാണ്. മാനസികവും ശാരീരികവും ബൗദ്ധികവും ആയ വികാസം ലഭിക്കുന്നതോടൊപ്പം ഒരുവൻ സാമൂഹിക പ്രതിബദ്ധതയും വിദ്യാഭ്യാസത്തിലൂടെ നേടണം. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള സമഗ്രവികസനമാണ് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടത്. നന്മ നിറഞ്ഞ മനസ്സോടെ വിദ്യ അഭ്യസിച്ച് അതിൽനിന്ന് ലഭിക്കുന്ന അറിവുകൾ തിരിച്ചറിവുകളാക്കി വിവേകത്തോടെ ജീവിക്കാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കണം.

അവരവരുടെ കഴിവുകൾ ഉപയോഗിച്ച് മികവിന്റെ ചരിത്രം രചിക്കാൻ വിദ്യാർത്ഥികൾ തയ്യാറാകണം. മനുഷ്യസ്നേഹവും ശുഭാപ്തിവിശ്വാസവും കൈവിടാതെ മൂല്യബോധമുള്ള പൗരന്മാരായി വളരാൻ വിദ്യാർത്ഥികൾ പ്രാപ്തരാകണം. അതിനായി പ്രാർത്ഥനയോടെ, ഒത്തൊരുമയോടെ, സന്തോഷത്തോടെ നന്മ നിറഞ്ഞ ഹൃദയത്തോടെ പരിശ്രമിക്കാം....

"കെടാതെ കത്തുന്ന

വിളക്കിന് മാത്രമേ

മറ്റൊന്നിനെ കത്തിക്കാൻ

കഴിയൂ"

മദർ തെരേസ